## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4812 — 24.07.2015 -ൽ മറുപടിക്ക്

### ആരോഗ്യ കിരണം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ കിരണം പദ്ധതി എന്നു മുതലാണ് സംസ്ഥാനത്തു നടപ്പിലാക്കിയത് ; | (എ) | ആരോഗ്യകിരണം പദ്ധതി 2013 ഒക്ടോബർ 2 -ന് തുടക്കം കുറിച്ചു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു ; | (ബി) | **ഉദ്ദേശ്യലക്ഷ്യം**<br>ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാവിധ രോഗങ്ങളുടെയും ചികിത്സ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നു.<br>**പ്രവർത്തനരീതി**<br>സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ടുള്ള ആർ.ബി.എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം) പദ്ധതിക്ക് സമാനമായ രീതിയിലാണ്. ആർ.ബി.എസ്.കെ പദ്ധതി കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളിൽ കൂടുതലായും കണ്ടു വരുന്ന 30 അസുഖങ്ങൾക്കുള്ള പരിശോധനയും ശസ്ത്രക്രിയ ഉൾപ്പെടെയുള്ള എല്ലാവിധ ചികിത്സയും തീർത്തും സൗജന്യമാണ്. ആയതിനാൽ ആരോഗ്യകിരണം പദ്ധതി 30 അസുഖങ്ങൾക്ക് പുറമേയുള്ളവയെ ഉദ്ദേശിച്ചാണ്.<br>സർക്കാർ ആശുപത്രികളിൽ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ഉണ്ട്. |

(.....2)

പദ്ധതിയ്ക്ക് ആവശ്യമായി വരുന്ന തുക ആരോഗ്യകേരളം ജില്ലാ ഓഫീസുകൾ വഴി അതാത് ആശുപത്രികളിൽ ലഭ്യമാകുന്നു. ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒ.പി.ടിക്കറ്റ് മുതൽ എല്ലാ സേവനങ്ങളും തികച്ചും സൗജന്യമായിരിക്കും. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണ് എന്ന് ഉറപ്പ് വരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ പദ്ധതിയിൽ എംപാനൽ ചെയ്ത ലാബുകളിൽ നിന്നും ചെയ്തുകൊടുക്കപ്പെടും. സമാന രീതിയിൽ ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി, സപ്ലൈക്കോ ഫാർമസി, എച്ച്.ഡി.സി/എച്ച്.എം.സി നടത്തുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇങ്ങനെ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കുള്ള തുക ആർ.ബി.എസ്.കെ / ആരോഗ്യകിരണം ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്നതാണ്. ആശുപത്രികൾ തമ്മിലുള്ള ആംബുലൻസ് സംവിധാനത്തിനുള്ള ചെലവും പദ്ധതി പ്രകാരം സൗജന്യമാണ്.

ഈ പദ്ധതി എ.പി.എൽ / ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും, വരുമാന നികുതി അടക്കുന്നവർക്കും ഈ പദ്ധതി ബാധകമല്ല.

(സി) ഓരോ സാമ്പത്തിക വർഷവും പദ്ധതിക്കായി എന്തു തുകയാണ് സംസ്ഥാന വിഹിതമായി വകയിരുത്തിയത് ;

(സി)

1. 2013-14 സാമ്പത്തിക വർഷം 09.12.2013-ലെ സ.ഉ.(എം.എസ്) നം.476/2013/ആ.കു.വ. പ്രകാരം 12.87 കോടി രൂപ പദ്ധതിക്കായി വകയിരുത്തുകയുണ്ടായി. അതിൻപ്രകാരം 27.03.2015-ലെ സ.ഉ.(സാധാ) നം.1040/2015/ആ.കു.വ. പ്രകാരം 12.87 കോടി രൂപ പദ്ധതി നടത്തിപ്പിലേക്കായി ദേശീയ ആരോഗ്യ ദൗത്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.
2. 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ പദ്ധതിയ്ക്കായി വകയിരുത്തി. 09.07.2014-ലെ സ.ഉ.(സാധാ) നം. 2332/2014/ആ.കു.വ. പ്രകാരം 5 കോടി രൂപ സ്റ്റേറ്റ് പ്ലാൻ

ഫണ്ടായും, 5 കോടി രൂപ കേന്ദ്രവിഹിതത്തിൽ പ്പെടുത്തിയും അനുവദിച്ചു. ഇതിൽ സ്റ്റേറ്റ് പ്ലാനിൽ അനുവദിച്ച 5 കോടി രൂപ പദ്ധതി നടത്തിപ്പിനായി ദേശീയ ആരോഗ്യ ദൗത്യ ത്തിന് നൽകുകയും, മുഴുവൻ തുകയും ജില്ല കൾക്ക് ആവശ്യാനുസരണം നൽകുകയുമു ണ്ടായി. ഈ തുക മുഴുവനായും ജില്ലകൾ ചെലവ ഴിച്ചു കഴിഞ്ഞു. One Time Additional Central Assistance -ൽ ഉൾപ്പെടുത്തിയ തുക ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. 2015-16 സാമ്പത്തിക വർഷം 15 കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തുക അനുവദിക്കു ന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോ ധിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | എത്ര ഗുണഭോക്താക്കൾക്ക് പദ്ധതി യുടെ പ്രയോജനം ലഭിച്ചു ? | (ഡി) | ആരോഗ്യകിരണം പദ്ധതി ആരംഭിച്ചതു മുതൽ 2015 മെയ് 31 വരെ 50,87,046 കുട്ടികൾക്ക് വിവിധ ചികിത്സാസേവനങ്ങൾ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ